പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .154

10.06.2013-ൽ മറുപടിക്ക്

## ഫിഷറീസ് ഫാമുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ് ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഫിഷറീസ് വകുപ്പിന് കീഴിലുള്ള കാവിൽ എന്ന സ്ഥാപനത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ; പ്രസ്തുത സ്ഥാപനം ഇപ്പോൾ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | അലങ്കാര മത്സ്യങ്ങളുടെ ഉത്പാദനത്തിനും വിപണനത്തിനും ലക്ഷ്യമിട്ടുകൊണ്ടാണ് ആലുവയിലെ കിഴക്കെ കടുങ്ങല്ലൂരിൽ കാവിൽ സ്ഥാപിച്ചിട്ടുള്ളത്. ഇതിന്റെ ഘടകങ്ങളായി 6 എക്സ്പോർട്ട് ഹബ്ബുകൾ കാവിലിൽ ഉണ്ട്. അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ വളർത്തി വിപണനത്തിനു പാകപ്പെടുത്തുക എന്ന ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഇതിനോടകം 500 ഓളം ഹോംസ്റ്റഡ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ ബ്രൂഡ് ഫാമും പ്രവർത്തിക്കുന്നു. പദ്ധതിയ്ക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് നെയ്യാറിൽ ഒരു സാറ്റലൈറ്റ് ഫാമിന്റെ നിർമ്മാണ പ്രവർത്തി നടന്നു വരുന്നു. അലങ്കാര മത്സ്യങ്ങളുടെ പ്രജനനം, പരിപാലനം, വിപണനം എന്നീ മേഖലകളിൽ കർഷകർക്ക് പരിശീലനവും നൽകി വരുന്നു. അലങ്കാര മത്സ്യകയറ്റുമതിക്ക് പുറമെ ബാംഗ്ളൂർ, മൈസൂർ, ഹൈദരാബാദ് തുടങ്ങിയ ആഭ്യന്തര വിപണിയിലേയ്ക്ക് 'കാവിൽ' മത്സ്യം അയക്കുന്നുണ്ട്. അതിനു പുറമെ അക്വാറിയം അനുബന്ധ സാമഗ്രികളുടെ വിപണനവും കാവിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം അലങ്കാര മത്സ്യം ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റി അയച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | 2011 മെയ് മാസം മുതൽ കാവിലിൽ നിന്നും യു.എസ്.എ, ശ്രീലങ്ക, അബുദാബി, ബഹറിൻ എന്നീ .രാജ്യങ്ങളിലേയ്ക്ക് അലങ്കാര മത്സ്യ കയറ്റുമതി നടത്തിയിട്ടുണ്ട്. |
| (സി) | അലങ്കാര മത്സ്യ കയറ്റുമതി ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്; | (സി) | 'കാവിൽ' നിലവിൽ വന്നതിനു ശേഷം ഇന്നോളം കയറ്റുമതി ഇനത്തിൽ 72202.56/- അമേരിക്കൻ ഡോളർ ലഭിച്ചിട്ടുണ്ട്. ഇതിൽ 27053.68/- |

| | | | |
|---|---|---|---|
| | | | അമേരിക്കൻ ഡോളർ മുൻ സർക്കാറിന്റെ കാലത്തും 45148.88/- അമേരിക്കൻ ഡോളർ ഈ സർക്കാർ അധികാരമേറ്റ ശേഷവും ലഭിച്ചതാണ്. ഇതിനു പുറമെ 12.33 ലക്ഷം രൂപയുടെ വിപണനം ആഭ്യന്തര വിപണിയിൽ നടത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ എത്ര ഷെയർ ഹോൾഡർമാരാണ് ഇപ്പോൾ ഉള്ളതെന്ന് ലിസ്റ്റ് സഹിതം വിശദമാക്കാമോ; ആരെങ്കിലും ഷെയർ പിൻവലിച്ചിട്ടുണ്ടോ ; | (ഡി) | കാവിലിൽ 17 ഷെയർ ഹോൾഡർമാരാണ് ഉള്ളത്. ലിസ്റ്റ് താഴെ കൊടുക്കുന്നു.<br>1. ഗവർണ്ണർ ഓഫ് കേരള<br>2. സെക്രട്ടറി, ഫിഷറീസ്<br>3. മാനേജിംഗ് ഡയറക്ടർ (KSIDC)<br>4. ഡയറക്ടർ ഓഫ് ഫിഷറീസ്<br>5. ഡിസ്ട്രിക്ട് കലക്ടർ എറണാകുളം<br>6. സെക്രട്ടറി, (നിയമം)<br>7. മാനേജിംഗ് ഡയറക്ടർ, കാവിൽ<br>8. മത്സ്യഫെഡ്<br>9. കെ.എസ്. ഐ.ഡി.സി.<br>10. നിസാർ യൂനസ്<br>11. സുനീഷ് ജോർജ്ജ്.<br>12. എൻ.പി. കുട്ടിക്കൃഷ്ണൻ നായർ<br>13. സൈമൺ വർഗ്ഗീസ്.<br>14. പഴശ്ശിരാജ സ്വയം സഹായസംഘം<br>15. ജോസഫ് പി.ടി.<br>16. ത്രീ സ്റ്റാർ എന്റർപ്രൈസസ് പ്രൈ. (ലി)<br>17. ഫാബ് ഓർണമെന്റൽ ഫിഷ് ഫാമിംഗ് പ്രൈ. (ലി)<br>കഴിഞ്ഞ വർഷം ശ്രീ എസ്. കൃഷ്ണകുമാർ ഷെയർ പിൻവലിച്ചിട്ടുണ്ട്. |
| (ഇ) | ഹോം സ്റ്റെഡ് ഫാമുകളിൽ നിന്നും അലങ്കാര മത്സ്യം വാങ്ങാറുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് വാങ്ങുന്നില്ല എന്ന് വിശദീകരിക്കുമോ? | (ഇ) | ഹോംസ്റ്റഡ് ഫാമുകളിൽ നിന്ന് ഗുണമേന്മയും വലിപ്പവും ഉള്ള അലങ്കാര മത്സ്യങ്ങളെ വിപണനത്തിനായി കാവിലിൽ വാങ്ങാറുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടെ 7.7 ലക്ഷം രൂപയുടെ അലങ്കാര മത്സ്യങ്ങളാണ് കാവിൽ ഹോംസ്റ്റഡുകളിൽ നിന്നും വാങ്ങിയിരിക്കുന്നത്. എന്നാൽ വിദൂര സ്ഥലങ്ങളിൽ |
| | | | (തിരുവനന്തപുരം, മലപ്പുറം, പത്തനംതിട്ട തുടങ്ങിയ) പ്രവർത്തിക്കുന്ന ഹോംസ്റ്റഡ് ഫാമുകളിൽ നിന്ന് ലാഭകരമല്ലാത്തതിനാൽ സ്ഥിരമായി മത്സ്യങ്ങളെ വാങ്ങുന്നതിന് കാവിലിന് ഇപ്പോൾ സാധിക്കുന്നില്ല. നെയ്യാർ, പരപ്പനങ്ങാടി ഫാമുകൾ പ്രവർത്തന സജ്ജമാകുമ്പോൾ മറ്റ് യൂണിറ്റുകളിൽ നിന്ന് മത്സ്യം വാങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ